(ബി) പുനഃസംഘടന നിലവിൽ വന്നപ്പോൾ ടൈപ്പിസ്റ്റു വിഭാഗത്തിനുകൂടി സംസ്ഥാനതല സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിലില്ലാതിരുന്നതിനാലാണ് ടൈപ്പിസ്റ്റ് വിഭാഗത്തെ ഒഴിവാക്കിയത്.

(സി) ഇല്ല.

(ഡി) സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്.

ലക്ഷംവീട് പുനർനിർമ്മാണം

7 [1354] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെയുള്ള ഇരട്ടലക്ഷം വീടുകൾ പ്രത്യേകം പ്രത്യേകമാക്കി നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആദ്യഘട്ട പുനർനിർമ്മാണത്തിനായി കേരളമൊട്ടാകെ എത്ര ലക്ഷം വീടുകൾ തെരഞ്ഞെടുക്കുന്നതിനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇതിനായി വേണ്ടിവരുന്ന തുക ഏതെല്ലാം മേഖലകളിലൂടെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ;

(ഡി) ലക്ഷംവീട് നിർമ്മാണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ;

(ഇ) 2005-ലെ മഴക്കാലം ആരംഭിക്കുന്നതിനുമുമ്പ് പുനർനിർമ്മാണം പൂർത്തീകരിക്കുവാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ 2500 വീടുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഒരു വീടിന്റെ നവീകരണത്തിന് 40,000 രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ 50% അതായത് 20,000 രൂപ സന്നദ്ധ സംഘടന/തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്തേണ്ടതും ബാക്കി (50%) 20,000 രൂപ സർക്കാർ സഹായധന (സബ്സിഡി)വുമാണ്.

(ഡി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) 2005 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly